"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ഓപ്പറേഷൻ ട്ടു ഹൗസ് - മണ്ണാർക്കാട് നഗരസഭയിലെ വിജിലൻസ് മിന്നൽ പരിശോധന -ഓവർസിയർമാരായ ശ്രീ.അബ്ദുൾ ലത്തീഫ്, ശ്രീ.മുഹമ്മദ് അൻസാർ എന്നിവർക്കെതിരായ അച്ചടക്കനടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുഎ)വകുപ്പ്

സ.ഉ.(സാധാ) നം.2090/2026/LSGD തീയതി,തിരുവനന്തപുരം, 04-11-2026

പരാമർശം:-

1. വിജിലൻസ് (എഫ്) വകുപ്പിന്റെ 14.02.2023 ലെ വിജി-എഫ്1/299/2022/വിജി നമ്പർ കത്ത്.
2. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 14.12.2022-ലെ നമ്പർ. ഇ12 (എസ്.സി.46/2022/പി.കെ.ഡി) 38420/2022 നമ്പർ റിപ്പോർട്ട്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.10.2023 ലെ LSGD/PD/17181/2023-VIGD1 നമ്പർ റിപ്പോർട്ട്.
4. 16.01.2024-ലെ 01/ഇ.ഡബ്ല്യുഎ3 /2024 /തസ്വഭവ നമ്പർ കുറ്റപത്രവും, കുറ്റാരോപണ പത്രികയും.
5. 14.03.2024 ൽ ഓവർസിയർമാരായ ശ്രീ. മുഹമ്മദ് അൻസാർ, ശ്രീ.അബ്ദുൽ ലത്തീഫ്.N.K എന്നിവർ സമർപ്പിച്ച പ്രതിവാദപത്രികകൾ.
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25.06.2024 ലെ LSGD/PD/17181/2023-VIGD1 നമ്പർ അഭിപ്രായ റിപ്പോർട്ടും, 19.01.2026-ലെ അതേ നമ്പർ റിപ്പോർട്ടും.

ഉത്തരവ്

' ഓപ്പറേഷൻ ട്ടു ഹൗസ് ' എന്ന പേരിൽ വിജിലൻസ്, മണ്ണാർക്കാട് നഗരസഭയിൽ കെട്ടിട

നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് നടത്തിയ മിന്നൽ പരിശോധന റിപ്പോർട്ട് പരാമർശം (1), (2) പ്രകാരം സർക്കാരിന് ലഭ്യമാക്കിയിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ വകുപ്പിന്റെ ആഭ്യന്തര വിജിലൻസ് അന്വേഷണം നടത്തി സൂചന (3) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഓവർസിയർ ശ്രീ.അബ്ദുൾ ലത്തീഫ്, ഓവർസിയർ ശ്രീ.മുഹമ്മദ് അൻസാർ എന്നിവർക്കെതിരെ 1960- ലെ സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് ടിയാന്മാർക്ക് പരാമർശ കുറ്റപത്രവും കുറ്റാരോപണപത്രികയും നല്കുകയുണ്ടായി.

കുറ്റപത്രത്തിന് ഒന്നാം ഗ്രേഡ് ഓവർസിയർ ശ്രീ.മുഹമ്മദ് അൻസാർ സമർപ്പിച്ച പരാമർശ എതിർവാദപത്രിക താഴെപ്പറയും പ്രകാരമാണ്.

2017-ൽ അനുവദിച്ച കെട്ടിട നിർമ്മാണാനുമതി പ്രകാരം നിർമ്മാണം പൂർത്തിയാക്കിയതായി ലൈസൻസി സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ ആണ് ന്യൂനതകൾ രേഖപ്പെടുത്തി അന്നത്തെ അസിസ്റ്റന്റ് എഞ്ചിനീയർ മടക്കിയതെന്നും, ആ സമയത്ത് മണ്ണാർക്കാട് നഗരസഭയിൽ പ്രവർത്തിച്ചിരുന്നില്ലായെന്നും നാല് വർഷത്തിനു ശേഷം കെട്ടിടം ക്രമവൽക്കരണത്തിനായി സമർപ്പിച്ച അപേക്ഷയിന്മേലാണ് ശുപാർശ ചെയ്തതെന്നും ക്രമവൽക്കരണത്തിനായി സമർപ്പിച്ച അപേക്ഷയിൽ 951.35 ച.മീ. ആണ് ആകെ തറവിസ്തീർണ്ണം വരുന്നതെന്നും ആയതിൽ പെർമിറ്റ് അനുവദിച്ചിരുന്ന 252.27 ച.മീ. കുറച്ച് ബാക്കി വരുന്ന 699.08 ച.മീറ്ററാണ്. കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കാൻ ശുപാർശ ചെയ്തിട്ടുള്ളതെന്നും പെർമിറ്റിനോടൊപ്പം സമർപ്പിച്ച ഫെയർ വാല്യൂ രജിസ്റ്ററിന്റെ പകർപ്പിൽ സർവ്വേ നമ്പർ 103/1, 59/2-3, 79/2 എന്നിവ വാഹന ഗതാഗത സൗകര്യത്തോടു കൂടിയ റസിഡൻഷ്യൽ പ്ലോട്ട് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും ഫയർ NOC ആവശ്യമുള്ളത് 1000 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം വരുന്ന കെട്ടിടങ്ങൾക്കാണെന്നും ടിയാൻ അറിയിച്ചിരുന്നു.

ക്രമവല്കരണത്തിനുള്ള അപേക്ഷ നേരത്തെ ലഭിച്ച ഒരു അപേക്ഷയുടെ തുടർച്ചയായതിനാലും ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുന്നത് പ്രാരംഭ ഘട്ടത്തിലായിരുന്ന സാഹചര്യത്തിലാണ് ഈ അപേക്ഷ ഫ്രണ്ട് ഓഫീസിൽ നിന്ന് ഓഫ് ലൈനായി കൈപ്പറ്റിയിട്ടുള്ളതെന്നും അപേക്ഷ നേരിട്ട് സ്വീകരിച്ചതല്ലായെന്നും ക്രമവൽക്കരണത്തിന് ശുപാർശ ചെയ്തിട്ടുള്ള കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 1000 ച.മീറ്ററിൽ താഴെ മാത്രമാണ് ഉണ്ടായിരുന്നതെന്നും, പിന്നീടുള്ള കെട്ടിടത്തിന്റെ കൂട്ടിചേർക്കലുകൾ ടിയാന്റെ അറിവോടുകൂടിയല്ല ചെയ്തിട്ടുള്ളതെന്നും ടിയാൻ അറിയിച്ചിരുന്നു.

റഗുലറൈസേഷൻ പ്ലാൻ പ്രകാരം കെട്ടിടം പരിശോധിക്കുന്ന സമയത്തെ നിർമ്മാണം പ്ലാൻ പ്രകാരം മാത്രമാണ് ഉണ്ടായിരുന്നതെന്നും, കൂട്ടിചേർക്കലുകൾ ശ്രദ്ധയിൽ വന്നപ്പോൾ തന്നെ ആയതിന് എതിരെ കെട്ടിട ഉടമയ്ക്ക് അപാകതകൾ പരിഹരിക്കാൻ നിർദ്ദേശം നല്കുന്നതിനു സെക്രട്ടറിക്ക് ശുപാർശ സമർപ്പിച്ചിരുന്നതും PW2-2187/2022 നമ്പറായി 26/07/22 തീയതിയിൽ കെട്ടിട ഉടമക്ക് നോട്ടീസ് നല്കിയിട്ടുള്ളതെന്നും നിലവിൽ ബഹുനില വാണിജ്യകെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നതും, ഈ വസ്തുവിൽ തന്നെ 2017 ൽ അന്നത്തെ മുനിസിപ്പൽ എഞ്ചിനിയർ പെർമിറ്റ് നല്കിയതിന്റെ അടിസ്ഥാനത്തിൽ ഭാഗികമായി നിർമ്മാണം പൂർത്തീകരിച്ച ഒരു വാണിജ്യ കെട്ടിടം നിലവിലുണ്ടായിരുന്നതാണെന്നും ആയതിന്റെ കൂട്ടിചേർക്കലുകൾ ഉൾപ്പടെയുള്ള ഭാഗങ്ങൾ ക്രമവൽക്കരിക്കുന്നതിന് സമർപ്പിച്ച അപേക്ഷയാണ് ലഭിച്ചിട്ടുള്ളതെന്നും ഭൂമിയുടെ തരം പരിശോധിക്കുന്നത് ആദ്യമായി പെർമിറ്റ് അനുവദിക്കുന്ന സമയത്താണെന്നും മാത്രമല്ല വില്ലേജ് ഓഫീസർ ക്രമവൽക്കരണത്തിനുള്ള പ്ലാൻ പ്രകാരമുള്ള (951.35 ച.മീ) കെട്ടിടം കെ.ബി.ടി നിയമപ്രകാരം ബുക്ക് ചെയ്തിട്ടുള്ളതായിരുന്നുവെന്നും ടിയാൻ അറിയിച്ചിരുന്നു.

മുനിസിപ്പാലിറ്റിയിൽ അപേക്ഷ സ്വീകരിക്കുന്നത് ഓവർസിയർ/ അസി.എഞ്ചിനിയർ (ഇൻ ചാർജ്) അല്ലായെന്നും ഫ്രണ്ട് ഓഫീസിലാണ് ആയത് സ്വീകരിക്കുന്നതെന്നും, സ്ഥല പരിശോധന സമയത്ത് കെട്ടിടത്തിൽ ഷട്ടറുകളും, ഹാൻഡ് റെയിലും ഘടിപ്പിച്ചിരുന്നതാണെന്നും ആയവ പിന്നീട് ഭേദഗതി ചെയ്തതായിരിക്കാനാണ് സാധ്യതയെന്നും ക്രമവൽക്കരണത്തിനുശേഷം നടത്തിയിട്ടുള്ള കൂട്ടിചേർക്കലുകൾ ക്രമവല്ക്കരിക്കുകയോ, നീക്കം ചെയ്യാത്ത പക്ഷം പ്രസ്തുത കെട്ടിടം അനധികൃത നിർമ്മിതിയായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ കെട്ടിട ഉടമയ്ക്ക് തന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ 26/07/2022 തീയതിയിൽ PWD-2187/22 നമ്പർ നോട്ടീസ് പ്രകാരം അറിയിപ്പ് നല്കിയിട്ടുള്ളതാണെന്ന് ടിയാൻ അറിയിച്ചിരുന്നു.

ശ്രീ.മുഹമ്മദ് അൻസാറിന്റെ എതിർവാദപത്രികയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ

ഡയറക്ടർ പരാമർശം (6) പ്രകാരം സമർപ്പിച്ച അഭിപ്രായ റിപ്പോർട്ടിൽ ചുവടെ ചേർക്കും പ്രകാരം അറിയിച്ചിരുന്നു.

ഭൂമിയുടെ തരം പരിശോധിയ്ക്കുന്നത് ആദ്യമായി പെർമിറ്റ് അനുവദിയ്ക്കുന്ന സമയത്താണെന്നും, ദേശീയപാതയുടെ സൈഡിൽ നിന്നും തെക്ക് ഭാഗത്തേയ്ക്ക് ക്രമമായി താഴ്ന്ന് വരുന്ന രീതിയിലാണ് ഈ ഭൂമിയുടെ കിടപ്പെന്നും പുറക് വശത്തുള്ള വീടും കഴിഞ്ഞ് മാത്രമേ വെറ്റ് ലാന്റ് ഉണ്ടാകാൻ സാധ്യതയുള്ളുവെന്നും സ്ഥല പരിശോധന നടത്തുന്നവർക്ക് ബോധ്യമാകുന്നതാണെന്നും, പെർമിറ്റിനോടൊപ്പം സമർപ്പിച്ച ഫെയർ വാല്യൂ രജിസ്റ്ററിന്റെ പകർപ്പിൽ റസിഡൻഷ്യൽ പ്ലോട്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും കുറ്റാരോപിതൻ പറയുന്നുണ്ട്. എന്നാൽ, റഗുലറൈസേഷൻ നൽകിയ ഈ കെട്ടിടം നിൽക്കുന്ന ഭാഗം വെറ്റ് ലാന്റിൽ നിന്ന് ഒഴിവായതാണെന്ന് കാണിയ്ക്കുന്ന രേഖകളൊന്നും ഫയലിലും മറുപടിയ്ക്കൊപ്പവുമില്ല. 13/10/2017 ൽ കെട്ടിടം പൂർത്തീകരിച്ചതായി അപേക്ഷ നല്കിയെങ്കിലും അന്നത്തെ ഓവർസിയർ 55% നിർമ്മാണം മാത്രമേ പൂർത്തിയാക്കിയിട്ടുള്ളുവെന്ന് റിപ്പോർട്ട് എഴുതി മടക്കിയ ഫയൽ ന്യൂനതകൾ പരിഗണിക്കാതെ 1134.83 ച.മീ. കെട്ടിടം റഗുലറൈസ് ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും ആയതിൽ നിന്ന് ടി കെട്ടിടത്തിന് 1134.83 ച.മീ. തറവിസ്തീർണ്ണം ഉണ്ടെന്ന് വ്യക്തമാണെന്നും ഇക്കാര്യം പരിഗണിക്കാതെയാണ് ശ്രീ. മുഹമ്മദ് അൻസാർ ടി കെട്ടിടത്തിന് 951.35 ച.മീ. തറവിസ്തീർണ്ണമാണെന്ന് മറുപടി നൽകിയിട്ടുള്ളതെന്നും ടി കെട്ടിടത്തിന് 1000 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണം ഉള്ളതായി അസിസ്റ്റന്റ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ ശ്രീ.മുഹമ്മദ് അൻസാറിന്റെ വാദം നിലനിൽക്കുന്നതല്ലയെന്നും ശ്രീ.മുഹമ്മദ് അൻസാറിന്റെ മറുപടി തൃപ്തികരമല്ലെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

ക്രമവൽക്കരണത്തിന് ലഭിച്ച അപേക്ഷ പരിശോധിച്ച് റിപ്പോർട്ട് ചെയ്തത് ശ്രീ. അബ്ദുൾ ലത്തീഫ് ആണ്. ശ്രീ.മുഹമ്മദ് അൻസാർ നല്കിയതിന് സമാനമായ മറുപടിയാണ് ശ്രീ.അബ്ദുൾ ലത്തീഫും നല്കിയിരിക്കുന്നത്.

ശ്രീ.അബ്ദുൾ ലത്തീഫ്.എൻ.കെ, രണ്ടാം ഗ്രേഡ് ഓവർസിയറുടെ എതിർവാദപത്രികയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടത് താഴെപ്പറയും പ്രകാരമാണ് .

ശ്രീ.അബ്ദുൾ ലത്തീഫ്.എൻ.കെ. പ്രാഥമിക പരിശോധന നടത്തുമ്പോൾ കെട്ടിടം നിൽക്കുന്ന സ്ഥലം വെറ്റ് ലാൻഡിൽ ഉൾപ്പെട്ട സ്ഥലമല്ലെന്ന് സ്ഥിരീകരിക്കുന്നതിന് റവന്യൂ അധികാരികളുടെ രേഖകൾ ഫയലിൽ കാണാൻ കഴിഞ്ഞിട്ടില്ലായെന്നും ഭൂമിയുടെ കിടപ്പ് അനുസരിച്ച് വീട് കഴിഞ്ഞ് മാത്രമേ വെറ്റ് ലാൻഡ് ആകാൻ സാധ്യതയുള്ളുവെന്ന വിശദീകരണം സ്വീകരിക്കാൻ കഴിയുന്നതല്ലായെന്നും പെർമിറ്റ് ഫയലിൽ മുൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിൽ കെട്ടിടത്തിന് 1134.83 ച.മീ. തറവിസ്തീർണ്ണമുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളപ്പോൾ അതിനു ആവശ്യമായ ക്രമീകരണങ്ങൾ ഇല്ലാതെയും, മുൻ റിപ്പോർട്ട് പരിഗണിക്കാതെയും ക്രമവൽക്കരണത്തിന് നല്കിയ 951.35 ച.മീ. ന് ഒകുപെൻസിക്ക് ശുപാർശ ചെയ്ത ശ്രീ.അബ്ദുൾ ലത്തീഫിന്റെ മറുപടി സ്വീകരിക്കാൻ കഴിയാത്തതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

ഇന്റേണൽ വിജിലൻസ് ഓഫീസർ അന്വേഷിച്ച് റിപ്പോർട്ട് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ മണ്ണാർക്കാട് നഗരസഭയ്ക്കുണ്ടായ 1,10,034 (ഒരു ലക്ഷത്തി പതിനായിരത്തി മുപ്പത്തിനാല്) രൂപയുടെ ധനനഷ്ടത്തിന്റെ 40% ആയ 44,013/- (നാൽപ്പത്തി നാലായിരത്തി പതിമൂന്ന്) രൂപ ടിയാന്റെ ബാധ്യതയായി കണ്ടെത്തിയിരുന്നതായി പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഓവർസിയർ ശ്രീ.അബ്ദുൾ ലത്തീഫിന്റെ വിഹിതമായ 44,013/- ടിയാനിൽ നിന്നും ഈടാക്കിയിട്ടുണ്ടോയെന്നും, ടി വിഷയത്തിൽ ഓവർസിയർ ശ്രീ.മുഹമ്മദ് അൻസാർ നഷ്ടമുണ്ടാക്കിയിട്ടുണ്ടോ എന്നതിലും റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് താഴെപ്പറയും പ്രകാരമാണ്.

പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കാത്ത കെട്ടിടഭാഗത്തിന് 29/1/UA/2024 (Building ID 11012510000087) എന്ന അനധികൃത കെട്ടിടനമ്പർ അനുവദിച്ച് കെട്ടിട ഉടമയായ ശ്രീ.ഹമീദ് പാറയ്ക്കൽ എന്നവർക്ക് ഡിമാന്റ് നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ 26/12/2024 തീയതിയിൽ R-M090700-24012145 നമ്പർ രസീത് പ്രകാരം 2022-2023 സാമ്പത്തിക വർഷത്തിലെ ആദ്യ പകുതി മുതൽ 2024-25 സാമ്പത്തിക വർഷത്തിലെ രണ്ടാം അർദ്ധവർഷം വരെ വസ്തുനികുതി ഇനത്തിലും, ലൈബ്രറി സെസ്

ഇനത്തിലും, സർവ്വീസ് സെസ് ഇനത്തിലും, പിഴപലിശ ഇനത്തിലുമായി 3,28,996 (മൂന്ന് ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ആറ്) രൂപ ടിയാൻ അടവാക്കിയിട്ടുള്ളതായും മണ്ണാർക്കാട് നഗരസഭയിൽ ശ്രീ.അബ്ദുൾ ഹമീദ് എന്നവരുടെ കെട്ടിടം ക്രമവത്ക്കരിച്ച് നൽകിയതിലും നികുതി നിർണ്ണയിച്ച് നൽകിയതിലും നഗരസഭയ്ക്ക് ഉണ്ടായ നഷ്ടം ടിയാൻ നഗരസഭയിൽ ഒടുക്കി പരിഹരിച്ചതിനാൽ ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത തുക ഈടാക്കേണ്ടതില്ല എന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരുന്നു.

വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രിക, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ട് എന്നിവ പരിശോധിക്കുമ്പോൾ താഴെപ്പറയുന്നവ വെളിവാകുന്നു.

i) ഭൂമിയുടെ തരം പരിശോധിക്കുന്നത് ആദ്യമായി പെർമിറ്റ് അനുവദിക്കുന്ന സമയത്താണെന്നും ക്രമവല്കരണത്തിനുള്ള അപേക്ഷ നേരത്തെ ലഭിച്ച ഒരു അപേക്ഷയുടെ തുടർച്ചയായതിനാലും ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുന്നത് പ്രാരംഭ ഘട്ടത്തിലായിരുന്ന സാഹചര്യത്തിലാണ് ഈ അപേക്ഷ ഫ്രണ്ട് ഓഫീസിൽ നിന്ന് ഓഫ് ലൈനായി കൈപ്പറ്റിയിട്ടുള്ളതെന്നും അപേക്ഷ നേരിട്ട് സ്വീകരിച്ചതല്ലായെന്നും ക്രമവൽക്കരണത്തിന് തുപാർശ ചെയ്തിട്ടുള്ള കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 1000 ച.മീറ്ററിൽ താഴെ മാത്രമാണ് ഉണ്ടായിരുന്നതെന്നും പിന്നീടുള്ള കെട്ടിടത്തിന്റെ കൂട്ടിചേർക്കലുകൾ ടിയാന്റെ അറിവോടുകൂടിയല്ല ചെയ്തിട്ടുള്ളതെന്നും ശ്രീ.മുഹമ്മദ് അൻസാർ പ്രതിവാദപത്രികയിൽ അറിയിച്ചിരുന്നു. കുറ്റപത്രത്തിന് ശ്രീ.അബ്ദുൾ ലത്തീഫ് സമർപ്പിച്ച പ്രതിവാദ പത്രിക ശ്രീ. മുഹമ്മദ് അൻസാർ നല്കിയതിന് സമാനമാണ്.

ii) 13/10/2017 ൽ കെട്ടിടം പൂർത്തീകരിച്ചതായി അപേക്ഷ നല്കിയെങ്കിലും അന്നത്തെ ഓവർസിയർ 55% നിർമ്മാണം മാത്രമേ പൂർത്തിയാക്കിയിട്ടുള്ളുവെന്ന് റിപ്പോർട്ട് എഴുതി മടക്കിയ ഫയൽ നൂനതകൾ പരിഗണിക്കാതെ 1134.83 ച.മീ. കെട്ടിടം റഗുലറൈസ് ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും ആയതിൽ നിന്ന് ടി കെട്ടിടത്തിന് 1134.83 ച.മീ. തറവിസ്തീർണ്ണം ഉണ്ടെന്ന് വ്യക്തമാണെന്നും ഇക്കാര്യം പരിഗണിക്കാതെയാണ് ശ്രീ. മുഹമ്മദ് അൻസാർ ടി കെട്ടിടത്തിന് 951.35 ച.മീ. തറവിസ്തീർണ്ണമാണെന്ന് മറുപടി നൽകിയിട്ടുള്ളതെന്നും ടി കെട്ടിടത്തിന് 1000 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണം ഉള്ളതായി അസിസ്റ്റന്റ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ ശ്രീ.മുഹമ്മദ് അൻസാറിന്റെ വാദം നിലനിൽക്കുന്നതല്ലായെന്നും കൂടാതെ 1000m2 മുകളിലുള്ള കെട്ടിടങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ ഇല്ലെന്ന കണ്ടെത്തൽ ശരിയുമാണെന്നും റഗുലറൈസേഷൻ നല്കിയ ഈ കെട്ടിടം നിൽക്കുന്ന ഭാഗം Wet Land ൽ നിന്ന് ഒഴിവായതാണെന്ന് കാണിക്കുന്ന രേഖകളൊന്നും ഫയലിലും, മറുപടിക്കൊപ്പവും ഇല്ലെന്നും അപേക്ഷ ഓൺലൈനായി സമർപ്പിക്കാത്തതിന് കാരണമായി നല്കിയ മറുപടി സ്വീകരിക്കാവുന്നതാണെന്നും ഫ്രണ്ട് ഓഫീസ് മുഖാന്തിരമാണ് അപേക്ഷ സ്വീകരിക്കുന്നതെന്നും അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് മുഖാന്തിരമല്ലായെന്നും, 951.35 ച.മീ. തറവിസ്തീർണ്ണം കാണിച്ച് ക്രമവൽക്കരണത്തിന് നല്കിയ അപേക്ഷ മാത്രം പരിഗണിച്ച് ഒക്യുപെൻസിയ്ക്ക് തുപാർശ ചെയ്യുകയും, മുൻ ഫയലുകളിൽ രേഖപ്പെടുത്തിയ കാര്യങ്ങൾ പരിഗണിക്കാതിരിക്കുകയും ചെയ്തതിനാൽ ശ്രീ.മുഹമ്മദ് അൻസാറിന്റെ മറുപടി തൃപ്തികരമല്ലെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെടുന്നു.

iii) ആകെ 1134.83 ച.മീ. തറവിസ്തീർണ്ണമാണ് കെട്ടിടത്തിലുള്ളതെന്ന കാര്യം പരിഗണിക്കാതെയാണ് ക്രമവൽക്കരണത്തിന് തുപാർശ ചെയ്തത്. 951.35 ച.മീ. തറവിസ്തീർണ്ണമാണ് ഉണ്ടായിരുന്നുള്ളുവെന്ന് പറയുന്നത് സ്വീകരിക്കാൻ കഴിയുന്നതല്ലയെന്നും ശ്രീ.അബ്ദുൾ ലത്തീഫ്.എൻ.കെ. പ്രാഥമിക പരിശോധന നടത്തുമ്പോൾ കെട്ടിടം നിൽക്കുന്ന സ്ഥലം വെറ്റ് ലാൻഡിൽ ഉൾപ്പെട്ട സ്ഥലമല്ലെന്ന് സ്ഥിരീകരിക്കുന്നതിന് റവന്യൂ അധികാരികളുടെ രേഖകൾ ഫയലിൽ കാണാൻ കഴിഞ്ഞിട്ടില്ലായെന്നും, പെർമിറ്റ് ഫയലിൽ മുൻ അസി.എഞ്ചിനീയറുടെ റിപ്പോർട്ടിൽ കെട്ടിടത്തിന് 1134.83 ച.മീ. തറവിസ്തീർണ്ണമുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളപ്പോൾ അതിനു ആവശ്യമായ ക്രമീകരണങ്ങൾ ഇല്ലാതെയും, മുൻ റിപ്പോർട്ട് പരിഗണിക്കാതെയും ക്രമവൽക്കരണത്തിന് നല്കിയ 951.35 ച.മീ. ന് ഒക്യുപെൻസിക്ക് തുപാർശ ചെയ്ത ശ്രീ.അബ്ദുൾ ലത്തീഫിന്റെ മറുപടി സ്വീകരിക്കാൻ കഴിയാത്തതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

iv) ആകെ 1134.83 ച.മീ. തറവിസ്തീർണ്ണമാണ് കെട്ടിടത്തിലുള്ളതെന്ന കാര്യം പരിഗണിക്കാതെ 951.35 ച.മീ. തറവിസ്തീർണ്ണത്തിന് ക്രമവൽക്കരണത്തിന് തുപാർശ ചെയ്തതിൽ ഓവർസിയർ ശ്രീ.അബ്ദുൾ ലത്തീഫ്,

ഓവർസിയർ ശ്രീ.മുഹമ്മദ് അൻസാർ എന്നിവരുടെ വീഴ്ചയുണ്ടായി എന്ന് കാണാം. ആയത് പ്രിൻസിപ്പൽ ഡയറക്ടറും അംഗീകരിക്കുന്നുണ്ട്. എന്നാൽ കെട്ടിട ഉടമയിൽ നിന്ന് സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം ഈടാക്കിയിട്ടുള്ളതിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലായെന്ന് കാണാം.

തുടർന്ന് 1960- ലെ സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (1) (iii) പ്രകാരം, ഓവർസിയർ ശ്രീ.മുഹമ്മദ് അൻസാറിന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ടും, 30/04/2024 ൽ സർവീസിൽ നിന്നും വിരമിച്ച ഓവർസിയർ ശ്രീ.അബ്ദുൾ ലത്തീഫിനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ പ്രകാരമുള്ള ശിക്ഷകൾ ചുമത്താൻ സാധിക്കാത്ത സാഹചര്യത്തിൽ ടിയാനെതിരായ അച്ചടക്ക നടപടി ഒഴിവാക്കിക്കൊണ്ടും താല്ക്കാലിക തീരുമാനം കൈക്കൊള്ളുകയും ആയതിൽ വിജിലൻസ് വകുപ്പിന്റെ അഭിപ്രായം തേടുകയും ചെയ്തിരുന്നു. തദ്ദേശ സ്വയംഭരണവകുപ്പിന്റെ ആഭ്യന്തര വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ജീവനക്കാർക്കെതിരെ ഉചിതമായ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനോട് എതിർപ്പില്ലായെന്ന് വിജിലൻസ് വകുപ്പ് അറിയിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ, മണ്ണാർക്കാട് നഗരസഭയിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആഭ്യന്തര വിജിലൻസ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ ഓവർസിയർ ശ്രീ.അബ്ദുൾ ലത്തീഫ്, ഓവർസിയർ ശ്രീ.മുഹമ്മദ് അൻസാർ എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി, അതേ ചട്ടങ്ങളിലെ ചട്ടം 11 (1) (iii) പ്രകാരം ഓവർസിയർ ശ്രീ.മുഹമ്മദ് അൻസാറിന്റെ "ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ടും" , 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 പ്രകാരമുള്ള ശിക്ഷകൾ വിരമിച്ച സർക്കാർ ജീവനക്കാരനു മേൽ ചുമത്താൻ സാധിക്കില്ലാത്ത സാഹചര്യത്തിൽ 30/04/2024-ൽ സർവീസിൽ നിന്നും വിരമിച്ച ഓവർസിയർ ശ്രീ.അബ്ദുൾ ലത്തീഫിനെതിരായ അച്ചടക്ക നടപടി അവസാനിപ്പിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഇന്ദു.എസ്.
അഡിഷണൽ സെക്രട്ടറി

1. ശ്രീ. മുഹമ്മദ് അൻസാർ (PEN.708243), മുൻ ഓവർസിയർ, മണ്ണാർക്കാട് നഗരസഭ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
2. ശ്രീ.അബ്ദുൽ ലത്തീഫ് N.K, (PEN.457282),ഓവർസിയർ(റിട്ട.), മണ്ണാർക്കാട് നഗരസഭ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
4. വിജിലൻസ് (എഫ്) വകുപ്പ്(ടി വകുപ്പിൽ നിന്നുള്ള 14-02-2023 ലെ വിജി- F1/299/2022/വിജി നമ്പർ കുറിപ്പ് പ്രകാരം)
5. ഡയറക്ടർ,വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ (എ &ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
7. തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ് (ടി വകുപ്പിൽ നിന്നുള്ള 20-12-2023 ലെ EU4/90/2023-തസഭവ നമ്പർ കുറിപ്പ് പ്രകാരം)
8. തദ്ദേശ സ്വയംഭരണ (ഇ.ഡബ്ലിയു.ബി) വകുപ്പ്.
9.വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
10. സ്റ്റോക്ക് ഫയൽ (EWA3/1/2024-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Dileep D
Date: 05-11-2026
09:06:25
സെക്ഷൻ ഓഫീസർ